പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1336 | 30.09.2011-ൽ മറുപടിക്ക് |
|---|---|

## നോർക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>,, ബെന്നി ബെഹനാൻ<br>,, എ.റ്റി. ജോർജ്ജ്<br>,, പി.എ. മാധവൻ | കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നോർക്ക വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ ; | (എ) | നോർക്ക വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളെ ഒരു ഒറ്റ കെട്ടിടത്തിൽ തന്നെ പ്രവർത്തിപ്പിക്കുന്നതിനു കെട്ടിട സമുച്ചയം 'നോർക്ക സെന്റർ' ഉദ്ഘാടനം ചെയ്തു. ഇവിടെ പുതിയ കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചു. 6 ജില്ലകളിൽ നോർക്ക റൂട്ട്സിന്റെ മുഴുവൻ സമയസെല്ലുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിൽ കണ്ണൂർ ജില്ലയിലെ സെൽ ഉദ്ഘാടനം ചെയ്തു. ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000/- രൂപയിൽ നിന്ന് 25,000/- രൂപയായി വർദ്ധിപ്പിച്ചു. ബറോഡയിലും ചെന്നൈയിലും ഡവലപ്പ്മെന്റ് ഓഫീസുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമായി. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലാ ആസ്ഥാനങ്ങളിലും മാസത്തിൽ നിലവിലെ ഒരു ദിവസത്തിൽ നിന്നും ഉയർത്തി രണ്ടു ദിവസം അറ്റസ്റ്റേഷൻ സേവനം നല്കുന്നു. |
| (ബി) | പ്രവാസികൾക്ക് ക്ഷേമ നിധിയിൽ നിന്നും പെൻഷൻ നൽകുന്ന പദ്ധതി എന്നു മുതൽക്കാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ ; | (ബി) | കേരള പ്രവാസി ക്ഷേമ പെൻഷൻ 2014 മുതൽ കൊടുത്തു തുടങ്ങേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | പെൻഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ : | (സി) | പെൻഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നു.<br>അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും അറുപതു വയസ്സു പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും, സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാളായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br>അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും, ഓരോ കല്പിതാംഗത്തിനും പ്രതിമാസം അഞ്ഞൂറും രൂപ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br><br>അഞ്ചുവർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ അഞ്ചുവർഷത്തിനുശേഷമുള്ള ഓരോ അംഗത്വ വർഷത്തിനും (1) ഉം (2) ഉം ഉപഖണ്ഡികകളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ 3% തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. |
| (ഡി) | നോർക്കയുടെ സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ അതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഓഫീസുകൾക്ക് പുറമേ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും നോർക്ക സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻഓഫീസർ